(സി) ഇങ്ങിനെ മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം കിട്ടാൻ വ്യവസ്ഥയില്ലേ ;

(ഡി) ഉണ്ടെങ്കിൽ ആരാണ് കൊടുക്കേണ്ടത് ;

(ഇ) മുകുന്ദപുരത്ത് കോന്തിപുലം റോഡിൽ ഈയിടെ ഉണ്ടായ അതിദാരുണമായ ബസ്സപകടത്തിൽപ്പെട്ട് മൃതിയടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുത്തുകഴിഞ്ഞുവോ ;

(എഫ്) ബസ്സപകടങ്ങൾക്ക് ഏറിയകൂറും എന്താണ് കാരണങ്ങളായിരിപ്പോർട്ട ചെയ്തിട്ടുള്ളത് ;

(ജി) ഈ കാരണങ്ങൾ ഇല്ലായ്മചെയ്യാൻ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 89.

(ബി) മരണമടഞ്ഞവർ 17; പരുക്കേറ്റവർ 142

(സി) ഉണ്ട്.

(ഡി) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറ്.

(ഇ) ഇല്ല.

(എഫ്) സ്പീഡ് കൂടുതൽ, അനിയന്ത്രിതമായ ഡ്രൈവിംഗ്, റോഡിൻറെ സ്ഥിതി, വഴിയിൽ നടക്കുന്നവരുടെ അനാസ്ഥ എന്നിവയാണ് പ്രധാന കാരണങ്ങൾ.

(ജി) വഴിയിൽ പെട്ടെന്നുള്ള ചെക്കിംഗുകൊണ്ടും, സ്പീഡ് ട്രാപ്പ് ഉപയോഗിച്ചും ഓവർ സ്പീഡിലും അനിയന്ത്രിതവുമായി ഓടിക്കുന്നതിനെ കഴിയുന്നതും തടയുന്നുണ്ട്. കുറ്റം ചെയ്യുന്ന ഡ്രൈവർമാരുടെ മേൽ കോടതിമുഖാന്തിരവും ഡിപ്പാർട്ടുമെൻറ് മുഖേനയും കർശനനടപടികൾ എടുക്കുന്നുണ്ട്. പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറ് വളരെ അപകടകരമായ റോഡുവളവുകൾ വീതികൂട്ടുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ പോലീസ് കാൺസ്റ്റബിൾമാരെ നിർത്തി വാഹനഗതാഗതം നിയന്ത്രിക്കുന്നുമുണ്ട്.

കൃഷിനാശം.

* 44. [48] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം സംസ്ഥാനത്ത് പുഞ്ച-കോൾനിലങ്ങൾ വിളവ് എടുക്കാറായ സമയത്ത് മലവെള്ളം കയറി മുങ്ങിപ്പോയതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; എവിടെ നിന്നെല്ലാം ;

(ബി) മുകുന്ദപുരം താലൂക്കിൽ മൂരിയാട് കായലകത്ത് ഇങ്ങിനെ ഉദ്ദേശം എത്രയായിരം പറയ്ക്ക് മുങ്ങിപ്പോയിരിക്കും ;

(സി) മൂരിയാട് കായലകത്തെ കൃഷിനാശത്തെ സംബന്ധിച്ച് പരാതികൾ ഗവണ്മെൻറിനു് ആരിലെല്ലാം നിന്നു കിട്ടി ;

(ഡി) ഗവണ്മെൻറ് എന്തു നടപടിയാണ് ഇതിനകം എടുത്തു കഴിഞ്ഞിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ടി. വേലായുധൻ):

(എ) ഉണ്ട്. മുകുന്ദപുരംതാലൂക്കിലെ മൂരിയാട്, തൊട്ടിപ്പാൾ, പല്ലൂർ, മാടായിക്കോണം, കടപ്പുറ്റേരി, കാറളം, പൊറിത്തിശേരി എന്നീ വില്ലേജുകളിൽനിന്ന്.

(ബി) ഉദ്ദേശം 2996 പറ നിലം.

(സി) കടപ്പുറ്റേരി കർഷകസമാജം സെക്രട്ടറിയിൽനിന്നും പേരെ 21 പേരിൽനിന്നും പരാതികൾ കിട്ടിയിട്ടുണ്ട്.

(ഡി) കരം ഇളവുചെയ്തു കൊടുക്കുന്നതിനാവശ്യമായ നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

Pay of Non-Gazetted Officers-Revision of.

* 45. [49] SHRI M. P. MENON: Will the Chief Minister be pleased to state:

(*a*) Has Government fixed the pay of Non-Gazetted Officers in the light of weightages sanctioned by Government as per the latest revision of grades; and

(*b*) If not, why not?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) Yes. Government have so far fixed the pay of the establishment of 85 offices and inferior servants of 53 Schools in the New Time Scales. The work of fixation of pay of the staff of the other offices is in progress.

(*b*) The question does not arise.

ചക്കര വ്യവസായം.

* 46. [50] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കരയെ എന്തുകൊണ്ട് സെയിൽസ് ടാക്സിൽനിന്ന് ഒഴിവാക്കുന്നില്ല;

(ബി) ചക്കര വ്യവസായം ഒരു കുടിൽവ്യവസായമാണെന്ന് ഗവണ്മെൻറിനറിയാമോ;

(സി) ചക്കര സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കണമെന്നു കാണിച്ച് ചക്കര നിർമ്മാണസഹകരണസംഘങ്ങളിൽ നിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) പനംചക്കരയെ സെയിൽസ് ടാക്സിൽ നിന്നെങ്കിലും ഒഴിവാക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഒഴിവാക്കേണ്ട ആവശ്യമില്ലെന്ന് ഗവണ്മെൻറിനു ബോദ്ധ്യം വന്നിട്ടുണ്ട്.

(ബി) അറിയാം. കുടിൽ വ്യവസായമെന്നു മാത്രം കരുതി വില്പനനികുതിയിൽനിന്നും ഒഴിവാക്കുക പതിവില്ല. എന്നുമാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly